52 (196) **സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകൾ**

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ.സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷത്തിൽ സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ എത്ര കോളേജുകൾ ആരംഭിക്കുമെന്നും, എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ മേഖലയിലല്ലാതെ ഏതെല്ലാം കോളേജുകൾ ആരംഭിക്കുമെന്നും, ഏതെല്ലാം ഏജൻസികൾ മുഖേന എന്നും വെളിപ്പെടുത്തുമോ;

(ഡി) ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ്?

ഉത്തരം

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്.

(ബി)&(സി) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പത്തനംതിട്ടയിലും സഹകരണ മേഖലയിൽ വടകരയിലും സ്വാശ്രയ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) ഗവൺമെന്റ്, അർദ്ധഗവൺമെന്റ്, സഹകരണ മേഖലകളിൽ സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

53 (197) **സാങ്കേതിക കോളേജുകളിലെ വിദ്യാർത്ഥികളുടെ സാമ്പത്തികസ്ഥിതി**

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സാങ്കേതിക കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയോ അവരുടെ രക്ഷാകർത്താക്കളുടേയോ സാമ്പത്തിക സ്ഥിതിയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് സാങ്കേതിക കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഉയർന്ന വരുമാനപരിധിയിൽപ്പെട്ടവരാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള അടിസ്ഥാനമെന്ത്;

(ഇ) സംസ്ഥാനത്ത് സാങ്കേതിക കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളുടെ വരുമാനപരിധി എത്രയെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly